# സൂസന്നയെ ഇഷ്ടപ്പെട്ടാൽ

വ്യത്യസ്തമായ ഒരു ചിത്രമെന്ന് വിശേഷിപ്പിച്ചുകൊണ്ടുള്ള സൂസന്നയെന്ന സിനിമയുടെ വിലയിരുത്തലിനോടുള്ള ചില എതിർപ്പുകളാണ് ഈ ലേഖനത്തിനാധാരം.

ആവശ്യത്തിലധികം സൂസന്നയെപ്പറ്റി ചർച്ചചെയ്യപ്പെടുന്നുണ്ടോ എന്ന സംശയമുണ്ടെങ്കിലും പൊതുവെ നടത്തുന്ന നിഷ്കളങ്കമായ ചില സൂചനകൾ അപകടം പിടിച്ചതാണെന്ന് പറയാതെ വയ്യ. സൂസന്ന ജീവിക്കുന്ന സാഹചര്യങ്ങളിൽ നിന്നും അടർത്തിമാറ്റിക്കൊണ്ട്, സൂസന്നയ്ക്കുമേൽ ചില സ്വഭാവവിശേഷങ്ങൾ ആരോപിക്കുകയാണ് ലേഖനം ചെയ്തിരിക്കുന്നത്. 'സി.വി.യുടെ പെൺകഥാപാത്രങ്ങളെപ്പോലെ, ഉറൂബിന്റെ രാച്ചിയമ്മയെപ്പോലെ................" എന്നു തുടങ്ങി സൂസന്നയ്ക്ക് മേൽ പ്രശംസകൾ വാരിച്ചൊരിയുകയാണ് ലേഖനത്തിൽ. സൂസന്ന ശക്തമായ ഒരു കഥാപാത്രമല്ല എന്ന് തിരിച്ചറിയാൻ ഒരു വിഷമവുമില്ലെന്നിരിക്കെ, എന്തുകൊണ്ടാണ് ഇങ്ങനെ വിലയിരുത്തപ്പെടുന്നത്?

"വീട്ടിൽ കിട്ടാത്ത ലാളനകൾ, ആർദ്രതകൾ, സിമ്പതി, ഏകാന്തസ്വച്ഛമായ ഒരിടം - ഇങ്ങനെയൊക്കെയായി സൂസന്ന മാറുന്നു" - എന്തൊരു പാവങ്ങളായ ആണുങ്ങളാണ്. എത്രയെത്ര ദുരിതപൂർണ്ണമായ ജീവിതമാണവരുടേത്. ആയകാലത്ത്, വീട്ടിൽ കുട്ടികളും പ്രാരാബ്ധങ്ങളും കാരണം ലൈംഗികസംതൃപ്തിയ്ക്കും വൈകൃതങ്ങൾക്കും വേണ്ടി മറ്റു വഴികളന്വേഷിക്കേണ്ടിവന്നു. സൂസന്നയെ ശരണം പ്രാപിക്കുന്നു. വയസ്സുകാലത്ത് ഉത്തരവാദിത്തങ്ങളും പ്രാരാബ്ധങ്ങളും ഒഴിഞ്ഞു. എന്നാലും ഏകാന്തതയും ഒറ്റപ്പെടലും പ്രശ്നങ്ങളാണല്ലോ. വീട്ടിൽനിന്നാണെങ്കിൽ ലാളനകളില്ല. ആർദ്രതകളില്ല. അപ്പോഴും സൂസന്നയുള്ളത് ഭാഗ്യം. അവിടെ 'സിമ്പതി'യായി എല്ലാവർക്കും വാഴാൻ കഴിയുന്നുവല്ലോ. സൂസന്ന ചെയ്യുന്ന മഹനീയമായി ഈ കർത്തവ്യത്തിനെയാണ് എല്ലാവരും വാഴ്ത്തുന്നത്. പൂമുഖവാതിൽക്കൽ ചിരിച്ചുനിൽക്കാൻ ഭാര്യയില്ലെങ്കിലും ആണുങ്ങൾക്ക് ജീവിക്കേണമല്ലോ...... "പെണ്ണ് പുരുഷനുമായി ഇങ്ങിനെയാണോ കൂട്ടുണ്ടാക്കേണ്ടത്?"" പെറ്റിബൂർഷ്വ സമൂഹത്തിന്റെ തലപ്പത്തിരിക്കുന്ന ഈ പ്രജകളെ വെറും വിക്ടിമുകളാക്കി കൊണ്ടാണ് സംവിധായകൻ ഇതിനെയെല്ലാം ന്യായീകരിക്കുന്നത്.

ക്രൈം ആന്റ് പണിഷ്മെന്റ് എന്ന നോവലിലെ സോണിയയെ അഭിസംബോധന ചെയ്തുകൊണ്ടാണ് സൂസന്ന എന്ന സിനിമയാരംഭിക്കുന്നത്. ദാരിദ്ര്യവും രോഗവും അവശപ്പെടുത്തിയ കുടുംബത്തിനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി, വേശ്യാവൃത്തിക്ക് നിർബ്ബന്ധിത




യായ സോണിയയിൽ നിന്നും സൂസന്നയ്ക്ക് വളരെ അകലമുണ്ട്. സൂസന്ന ഒരു വേശ്യ അല്ലെങ്കിൽ ലൈംഗികതൊഴിലാളിയല്ല. സൂസന്ന എന്ന സിനിമയുടെ മൂലം ഡോസ്റ്റോവ്സ്കിയുടെ മറ്റൊരു നോവലിൽ കണ്ടെത്താവുന്നതാണ്. നിന്ദിതരും പീഡിതരും എന്ന നോവലിലെ നടാഷ കടന്നുപോന്ന അതേ ജീവിതമാണ് സൂസന്നയുടേത്. കാമുകന്റെ പിതാവ്, പ്രിൻസ് വാൽക്കോവ്സ്കി തന്ത്രപരമായി നടാഷയെക്കൊണ്ട് അലോഷ്യയെ മറ്റൊരു വിവാഹത്തിന് നിർബ്ബന്ധിക്കുന്നു. വിവാഹത്തിനുശേഷം വാൽക്കോവ്സ്കി ദുഃഖാർത്തയായ നടാഷയെ സമീപിക്കുകയും നടാഷയുടെ അഭിവൃദ്ധിക്ക് വേണ്ടി താനെന്തും ചെയ്യാൻ ഒരുക്കമാണെന്നും വേറെ ഒന്നാരണ്ടു പ്രഭുക്കൾക്കും നടാഷയോട് താല്പര്യമുണ്ടെന്നും അറിയിക്കുന്നു. ഒരു പ്ലാന്റേഷൻ തൊഴിലാളികുടുംബത്തിൽ നിന്നും വന്ന നടാഷ അതിനെ എതിർത്തുകൊണ്ട് സ്നേഹസമ്പന്നമായ തന്റെ വീട്ടിലേയ്ക്ക് തിരിച്ചുപോകുന്നു. കഥയിലെ പ്രധാനമായ ഈ ഭാഗത്തിനെയാണ് സംവിധായകൻ തിരുത്തിയിരിക്കുന്നത്. പ്ലാന്ററുടെ പ്രൊപ്പോസൽ എതിർപ്പില്ലാതെ സൂസന്ന സ്വീകരിക്കുകയാണ് ചെയ്യുന്നത്. സൂസന്ന ഇങ്ങിനെ ചെയ്യേണ്ടിയിരുന്നുവോ? ഈ സിനിമയിൽ ഹൃദയസ്പൃക്കായി തോന്നുന്ന ഒരു രംഗമുണ്ട്. തകർന്നുകൊണ്ടിരിക്കുന്ന തന്റെ വീട്ടിലേയ്ക്ക് വർഷങ്ങൾക്കുശേഷം സൂസന്ന തിരിച്ചെത്തുന്നു. വീട്ടിനുള്ളിൽ നിന്നും ഓടിയെത്തുന്ന പെൺകുട്ടിയോട് സൂസന്ന പേരന്വേഷിക്കുന്നു. "സൂസന്ന" നിഷ്കളങ്കമായ മറുപടി. അതുകേൾക്കുമ്പോൾ സൂസന്നയുടെ മുഖത്ത് പരക്കുന്ന വേദന. വർഷങ്ങൾക്കുശേഷവും സ്നേഹത്തോടെ മാത്രമേ സൂസന്നയെ വീട്ടുകാരോർക്കുന്നുള്ളൂ.

വിപ്ലവകാരിയായിരുന്ന സഹോദരൻ, വീട്ടിലെ വിശേഷങ്ങളുമായി സൂസന്നയുടെ അടുത്തെത്തുന്നതും സ്നേഹപൂർണ്ണമായിട്ടാണ്. സൂസന്ന നിലനിൽക്കുന്ന വീടിനെ, തൊഴിലാളികുടുംബത്തിനെ മറന്നുകൊണ്ടാണ് സമൂഹത്തിലെ ഉന്നതരുമായുള്ള ബന്ധത്തിന് സൂസന്ന തയ്യാറാകുന്നത്. സൂസന്നയും അതംഗീകരിക്കുന്നുണ്ട്. "സൂസന്നയ്ക്ക് വേഷംകെട്ടലിനോട് വലിയ ഭ്രമമാണല്ലേ" എന്ന ഫാദറിന്റെ ചോദ്യത്തിന് അതെയെന്നും വേഷംകെട്ടലാണ് തന്റെ ജീവിതം ഇങ്ങിനെയാക്കിയതെന്നും സൂസന്ന മറുപടി പറഞ്ഞു. ദാരിദ്ര്യം നിറഞ്ഞ തന്റെ കുടുംബത്തിനേയും മൂല്യങ്ങളേയുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് വർണ്ണശബളമായ ലോകം തെരഞ്ഞെടുക്കുകയാണ് സൂസന്ന ചെയ്യുന്നത്. അതിന് സമ്മർദ്ദങ്ങളൊന്നുമുണ്ടായിരുന്നില്ല.

സൂസന്നയിൽ വളരെ മുഴച്ചുനിൽക്കുന്ന ഒരു രംഗമുണ്ട്. കേണലിന്റെ ഭാര്യയും സൂസന്നയുമായുള്ള കണ്ടുമുട്ടൽ. അവർ തമ്മിലുണ്ടാക്കിയ സൗഹൃദം. വളരെ superficial ആയി കാണിച്ചിരിക്കുന്നു. സെക്സിനെപ്പറ്റി തനിക്കൊന്നും അറിഞ്ഞുകൂട എന്നും എന്റെ ഭർത്താവ് പറഞ്ഞിട്ടുള്ളത് മാത്രമേ താൻ ചെയ്തിട്ടുള്ളൂവെന്നും സൂസന്നയോട് കേണലിന്റെ ഭാര്യ വിലപിക്കുമ്പോൾ ഇതിനെതിരെയാണ് സൂസന്നയ്ക്കുള്ള അറിവെന്ന് പ്രേക്ഷകർ ധരിക്കണം. സൂസന്നയും പറയുന്നുണ്ട്, പെണ്ണിന് അനുഭവങ്ങളുണ്ടാകണമെങ്കിൽ ആണാകണമെന്ന്. സെക്സാണോ പെണ്ണിന് നിഷേധിച്ചിട്ടുള്ള ഒരേ ഒരു അനുഭവം? സിനിമ നൽകുന്ന മറ്റു ചില സൂചനകൾകൂടി ചേർത്തുവായിക്കുമ്പോഴാണ് ഈ സിനിമ ഒട്ടും നിഷ്കളങ്കമല്ലാത്തത്. കസാൻദ്സാക്കിസും ജോർജ് അമാദും വായിക്കുന്ന ബുദ്ധിജീവിയാണ് സൂസന്ന. അങ്ങിനെയാണ് വി.എം. ഗിരിജയ്ക്കും തോന്നുന്നത്. ലൈംഗികതയിലെ ധാർമ്മികതയെപ്പറ്റിയും പെണ്ണിന്റെ ലൈംഗികതയേയും പറ്റിയെല്ലാം ഈ സിനിമ സംസാരിക്കുന്നതായി തോന്നുന്നു. മലയാളസിനിമയിലെ വഴിത്തിരിവായി മറ്റും ഇതിനെ കാണുന്നത് അപമാനകരമാണ്.

ശോഭന പി.കെ.